'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം ജില്ലാ പഞ്ചായത്ത് - പട്ടികജാതി കോളനിയിൽ മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്തത് -സാധൂകരണം നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ.(സാധാ) നം.2175/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 03/10/2019

---

പരാമർശം:- 1. കൊല്ലം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 27/02/2017ലെ എ6-1353/2016 നമ്പർ കത്ത്

2. 15/02/2017ലെ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 3.46(ii)നമ്പർ തീരുമാനം.

3. പത്തനംതിട്ട ജില്ലാ മണ്ണുസംരക്ഷണ ഓഫീസർ ശ്രീ. ഡി. ആനന്ദബോസിന്റെ അപേക്ഷ.

ഉത്തരവ്

പത്തനംതിട്ട ജില്ലാ മണ്ണ് സംരക്ഷണ ഓഫീസറായ ശ്രീ. ഡി ആനന്ദബോസ് ടിയാൻ കൊല്ലം ജില്ലാ മണ്ണ് സംരക്ഷണ ഓഫീസറായി സേവനമനുഷ്ഠിച്ചിരുന്ന കാലയളവിൽ കൊല്ലം ജില്ലാ പഞ്ചായത്തിന്റെ പ്രോജക്ടായ ഹരിജൻ കോളനിയിലെ മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തിയതിന് പരാമർശം (2) പ്രകാരം സാധൂകരണം നൽകുന്നതിന് തീരുമാനമായതായും അതിന്റെ അടിസ്ഥാനത്തിലുള്ള ഉത്തരവ് പുറപ്പെടുവിക്കണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു.

2. 2013-14, 2014-15 എന്നീ സാമ്പത്തിക വർഷങ്ങളിൽ കൊല്ലം ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ ശ്രീ. ഡി ആനന്ദബോസ് നിർവ്വഹണ ഉദ്യോഗസ്ഥനായി കൊല്ലം ജില്ലാ പഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ മണ്ണ് സംരക്ഷണ പ്രവർത്തികൾക്കെതിരെ അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് തടസ്സവാദം ഉന്നയിച്ചിരുന്നു. മേൽ കാലയളവിൽ ചെയ്ത പ്രവർത്തികൾക്ക് 15/02/2017ലെ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 3.46(ii) തീരുമാനപ്രകാരം സാധൂകരണം നൽകിയിട്ടുണ്ടെന്നും, 01/03/2017ലെ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 69-ാം നമ്പർ തീരുമാന പ്രകാരം കൊല്ലം ജില്ലാ പഞ്ചായത്ത് പട്ടിക ജാതി കോളനികളിൽ നടപ്പാക്കിവരുന്ന മണ്ണ് സംരക്ഷണ പ്രവൃത്തികൾ മാതൃകാപരമാണെന്നുള്ള വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ തുടർന്ന് പദ്ധതി നടപ്പിലാക്കുന്നതിന് പ്രത്യേക അനുമതി

നൽകുകയും ചെയ്തിട്ടുണ്ട് എന്നും കൊല്ലം ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ അറിയിച്ചിട്ടുണ്ട്.

3. സർക്കാർ ഈ വിഷയം പരിശോധിച്ചു. പരാമർശം 2ലെ കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാന പ്രകാരം കൊല്ലം ജില്ലാ പഞ്ചായത്ത് പട്ടികജാതി കോളനികളിൽ നടപ്പിലാക്കി വരുന്ന മണ്ണ് സംരക്ഷണ പ്രവൃത്തികൾ മാതൃകാപരമാണെന്നുള്ള വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ 2013-14, 2014-15 എന്നീ സാമ്പത്തിക വർഷങ്ങളിൽ കൊല്ലം ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ ശ്രീ. ഡി ആനന്ദബോസ് നിർവ്വഹണ ഉദ്യോഗസ്ഥനായി കൊല്ലം ജില്ലാ പഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ മണ്ണ് സംരക്ഷണ പ്രവർത്തികൾക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പാറ്റ്സി സ്റ്റീഫന്

ജോയിന്റ് സെക്രട്ടറി

ജില്ലാപഞ്ചായത്ത് സെക്രട്ടറി, കൊല്ലം.

ജില്ലാപ്ലാനിംഗ് ഓഫീസർ, കൊല്ലം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം തിരുവനന്തപുരം

ശ്രീ. ആനന്ദബോസ്. ഡി, പത്തനംതിട്ട ജില്ലാ മണ്ണുസംരക്ഷണ ഓഫീസർ.

ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ, കൊല്ലം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ